പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2579 — 17.06.2019-ൽ മറുപടിയ്ക്ക്

## പോസ്റ്റ് മെട്രിക് ഹോസ്റ്റൽ

**ചോദ്യം**

**ശ്രീ.ആന്റണി ജോൺ**

**മറുപടി**

**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | 16-ൽ അധികം വരുന്ന ആദിവാസി കോളനികൾ ഉൾപ്പെടുന്ന കോതമംഗലം മണ്ഡലത്തിൽ പട്ടികവർഗ്ഗവിഭാഗം കുട്ടികൾക്കായുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റൽ സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; വിശദമാക്കാമോ; | എ) | കോതമംഗലം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട നേര്യമംഗലത്ത് കിഫ്ബി മുഖേന ഒരു പോസ്റ്റ്മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ബി) | ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും പ്രത്യേകം പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ ആരംഭിക്കുന്നതിനായി സ്വകാര്യകെട്ടിടം വാടകയ്ക്കെടുത്ത് വാടകയും മറ്റ് അനുബന്ധ ചെലവുകളും സഹിതം നല്കിയ പ്രൊപ്പോസലിൽ സർക്കാർ എന്ത് തീരുമാനമാണെടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | ബി) | പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല. |
| സി) | കോതമംഗലം മണ്ഡലത്തിലെ 16-ൽ അധികം വരുന്ന ആദിവാസി കോളനികളിലെ കുട്ടികൾക്കും സമീപജില്ലയിലെ പട്ടികവർഗ്ഗ കുട്ടികൾക്കും ഉപകാരപ്പെടുന്ന തരത്തിൽ കോതമംഗലത്ത് പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | സി) | കോതമംഗലത്ത് പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് അനുയോജ്യമായ കെട്ടിടത്തിന് സ്ഥലം ലഭ്യമാകുകയാണെങ്കിൽ പരിശോധിക്കുന്നതാണ്. |

Hari

സെക്ഷൻ ഓഫീസർ